# ഗവ : മോഡൽ റസിഡൻഷ്യൽ സ്കൂൾ

## ഏറ്റുമാനൂർ



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ആമുഖം.

കേരളസർക്കാർ പട്ടികവർഗ്ഗവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ ആരംഭിച്ച സ്കൂളുകളാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ. 2000-2001 സ്കൂൾ വർഷത്തിൽ ഈരാറ്റുപേട്ട -പിണ്ണക്കനാട് പ്രവർത്തനം ആരംഭിച്ചു. 2012 ജൂണിൽ ഏറ്റുമാനൂരിലെ പുതിയകെട്ടിടത്തിലേക്ക് സ്കൂൾ മാറുകയുണ്ടായി. SSLC പരീക്ഷയിൽ വർഷങ്ങളായി ഉന്നതവിജയം നേടുന്നു. 2024-25 അധ്യയന വർഷം അഞ്ച് കുട്ടികൾക്ക് ഫുൾ A+ നേട്ടം കൈവരിക്കാൻ സാധിച്ചു. സ്കൂളിൽ വിവിധതരം പഠനാനുബന്ധ-പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഭാഷാ - ശാസ്ത്ര-സാമൂഹ്യശാസ്ത്ര ക്ലബ്ബുകളുടെ പ്രവർത്തനം വളരെ മികച്ചതാണ്.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 2013 മുതൽ സ്കൂളിൽ നടത്തി വരുന്നു. കുട്ടികളുടെ ശാരിരിക - മാനസിക ക്ഷമത വർദ്ധിപ്പിക്കാൻ ഇതുവഴി സാധിക്കും. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം ഇവയോട് ബന്ധപ്പെട്ട് ജില്ലാതലത്തിൽ നടക്കുന്ന മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സംഗീതം, വയലിൻ, കരാട്ടെ, നൃത്തം, യോഗ, ബാന്റ് വാദ്യം എന്നിവയ്ക്ക് പ്രത്യേകം പരിശീലനം നൽകി വരുന്നു. പട്ടികവർഗ്ഗ വകുപ്പിന്റെ പ്രോജക്ടായ 'ഉന്നതി' വളരെ ഫലപ്രദമായ രീതിയിൽ ഇവിടെ നടന്നു വരുന്നു. K-DISC ഉം പട്ടികവർഗ്ഗ വകുപ്പും ചേർന്ന് നടത്തുന്ന 'മഞ്ചാടി ', 'മഴവില്ല്' പദ്ധതികൾ യു . പി ക്ലാസ്സുകളിൽ ക്രമീകരിച്ചിരിക്കുന്നു. വർഷം തോറും |സ്കൂൾ മാഗസിനും പ്രസിദ്ധീകരിക്കാറുണ്ട്.

വിദ്യാർത്ഥി സൗഹൃദപരമായ പഠനാന്തരീക്ഷം സ്കൂളിന്റെ മുഖമുദ്രയാണ്. സ്കൂളിന്റെ അക്കാദമിക നിലവാരം ഉയർത്താനും ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് .ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| 1. റവന്യൂ ജില്ല : | കോട്ടയം |
| 2. സ്കൂൾ കോഡ്: | 31090 |
| 3.സ്കൂളിന്റെ പേര് : | ജി.എം.ആർ.എസ് ഏറ്റുമാനൂർ |
| 4. മേൽവിലാസം: | ഏറ്റുമാനൂർ പി.ഒ -686631,കോട്ടയം ജില്ല |
| 5. പിൻ കോഡ്: | 686631 |
| 6. ഫോൺ നമ്പർ: | 0481-2530399 |
| 7. ഇമെയിൽ അഡ്രസ്സ്: | mrskottayam@gmail.com |
| 8. വിദ്യാഭ്യാസ ജില്ല: | പാലാ |
| 9. സബ്ജില്ല: | ഏറ്റുമാനൂർ |
| 10. ക്ലാസുകൾ: | 5 മുതൽ 12 വരെ |
| 11. മാനേജ്മെന്റ് : | ഗവൺമെന്റ് |
| 12 പഠന മാധ്യമം: | മലയാളം |

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

## H S , U.P വിഭാഗം.

## മലയാളം 2025-26

G MRS ETTUMANOOR.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. പദങ്ങൾ ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ നിർമ്മിക്കൽ<br>6. വാക്യങ്ങൾ നിർമ്മിക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | പുസ്തകങ്ങൾ<br>അക്ഷരകാർഡ്<br>ചിത്രങ്ങൾ. | അധ്യാപകർ.<br>ട്യൂട്ടർ. |
| പഠനപിന്നോക്കമുള്ളവർക്ക്. പ്രത്യേകം പ്രവർത്തനം | 7. ചിത്രം-അടിക്കുറിപ്പ്<br>ചിത്രം-കഥ എഴുതൽ<br>8. പ്രത്യേകം ക്ലാസുകൾ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | ചുമതല |
|---|---|---|---|---|
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1 ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. പത്രവായന<br>3. പുസ്തക ചർച്ച<br>4. വായനാനുഭവം.<br>5. വായനക്കുറിപ്പ് തയ്യാറാക്കുക<br>6. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം.<br>7. വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനം. | സെപ്റ്റംബർ<br>ഒക്ടോബർ. | പുസ്തകങ്ങൾ<br>പത്രം.<br>വായനക്കുറിപ്പ്.<br>അഭിമുഖം. | അധ്യാപകർ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | ചുമതല. |
|---|---|---|---|---|
| 3. വായനയിൽ നിന്ന് അറിവിലേക്ക്. | ഓരോ മാസത്തിലെയും സവിശേഷ ദിനങ്ങളെ അടിസ്ഥാനമാക്കി കുട്ടികളെ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. ക്വിസ് മത്സരങ്ങളും നടത്തുന്നു. | ജൂലൈ ആഗസ്ത് സെപ്റ്റംബർ ഒക്ടോബർ നവംബർ | പുസ്തകങ്ങൾ | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | ചുമതല |
|---|---|---|---|---|
| 4. കുട്ടിയെ എഴുത്തു-കാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം.<br>2. പുസ്തക ചർച്ച.<br>3. പതിപ്പ്.<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തുക.<br>5. വ്യക്തിഗത രചന<br>6. സംഘരചന.<br>7. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം. | 6 മാസം.<br>ആഗസ്റ്റ് ജനുവരി. | ലൈബ്രറി പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>നിരൂപണ കൃതികൾ<br>ഓഡിയോ<br>വീഡിയോ | അധ്യാപകർ<br>വാർഡൻ<br>അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | ചുമതല |
|---|---|---|---|---|
| 5. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗപരിശീലന കളരി.<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ കേൾപ്പിക്കുന്നു. | ജനുവരി<br>ഫെബ്രുവരി | പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>ചിത്രങ്ങൾ | അധ്യാപകർ ട്യൂട്ടർ. |
| | 4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുന്നു. | മാർച്ച്. | ഓഡിയോ, വീഡിയോ | അധ്യാപകർ ട്യൂട്ടർ. |

സോഷ്യൽ സയൻസ് ക്ലബ് -> പ്രവർത്തന കലണ്ടർ | ഗവ. ഹൈസ്കൂൾ | 2025-26

സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1 പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രത്തിൽ നിന്ന് [illegible] പെടുത്തുക. | അറിവിന്റെ വാതായനം :→ സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേകം അവബോധ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2, ജനാധിപത്യം ഒരു ജീവിതരീതിയായി ഏറ്റെടുക്കുക മതേതരബോധം, കർമ്മശേഷി, പൗരബോധം എന്നിവ വളർത്തുക | ഉണർവ്വിന്റെ മുന്നൊരുക്കം → സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കുതകുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 3) സാമൂഹ്യശാസ്ത്രത്തിൽ പഠിക്കണം നിരീക്ഷണ | സാമൂഹ്യശാസ്ത്ര ലാബുകൾ സജ്ജീകരിക്കൽ, ദൃശ്യവായന, അറ്റ്ലസ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 4 മലയാളം, സാഹിത്യം എന്നിവ വളർത്തിയെടുക്കുന്ന പ്രവർത്തനങ്ങളിലൂടെ വളരുക, സാമൂഹ്യ ചരിത്രകാരന്മാരെ പരിചയപ്പെടുക. | ചരിത്രത്താളുകളിലൂടെ... സർവ്വേ, പ്രോജക്ട്, ചർച്ചകൾ സംവാദം, ക്ലാസ്സുകൾ, ചിത്രവേദന അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 5) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ചർച്ചകൾ, സംവാദം എന്നിവയെക്കുറിച്ച് കുട്ടികൾക്ക് വ്യക്തമായ ധാരണ നൽകുക. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 6 സാമൂഹ്യശാസ്ത്രത്തിലെ വിവിധ ഭൂപ്രകൃതി വിഭാഗങ്ങൾ, ജലാശയങ്ങൾ, കാറ്റുകൾ, പർവ്വതങ്ങൾ എന്നിവ ഇവയെല്ലാം പരിചയപ്പെടുന്നു | വിവിധ ഭൂപ്രകൃതി വിഭാഗങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ഡോക്യുമെന്ററി കേന്ദ്രീകരണം- ടൂർ ഉച്ചകോടി സൗകര്യങ്ങൾ, പരിസ്ഥിതി അവബോധം എന്നിവ ഉൾപ്പെടുത്തൽ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

# അക്കാഡമിക്

# മാസ്റ്റർ പ്ലാൻ

## ഗണിതം

2025 - 2026

GMRS ETTUMANOOR

[illegible] 2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ഗുണനപ്പട്ടിക, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ അടങ്ങിയ വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ ആദ്യവാരം | ഗണിത അധ്യാപകൻ | |
| | *) ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു.<br>ഗണിത ക്വിസ് സംഘടിപ്പിക്കുന്നു.<br>*) മുന്നറിവ് പരിശോധിച്ച് പരീക്ഷകൾ നടത്തുന്നു. | ജൂൺ | | |
| 2) ഗണിതത്തോട് താല്പര്യം ജനിപ്പിക്കൽ | Number chart<br>Geometrical chart<br>Mathematical models<br>ഇവയുടെ പ്രവർത്തനം | ജൂലൈ | ഗണിത ക്ലബ്ബ് | |
| ഗണിത പഠന വിജയം | മികച്ച വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഗ്രൂപ്പ് തിരിക്കൽ (peer group) | | | |

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ഗണിത പസിലുകൾ<br>ഫീൽഡ് ട്രിപ്പ്.<br>ഗണിത മാഗസിൻ | August | അധ്യാപകർ കുട്ടികൾ | |
| പ്രകൃതിയിലെ ഗണിതപരമായ കാര്യങ്ങൾ നിരീക്ഷിക്കൽ | ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് ഗണിതപരമായ വസ്തുക്കൾ തരം തിരിക്കൽ<br>തേനറ, ഇലകൾ, പൂക്കളുടെ ഇതളുകളുടെ പ്രത്യേകതകൾ.<br>* Seminar | September. | കുട്ടികൾ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ശാസ്ത്ര മേള | ഗണിത ശാസ്ത്ര മേളക്ക് കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് പരിശീലനം നൽകുന്നു. | October November. | അധ്യാപിക | |
| ഗണിത സംഭാവന കളെ കുറിച്ചുള്ള ക്ലാസുകൾ | 5 ഗണിത ശാസ്ത്രജ്ഞന്മാരെ കുറിച്ച് ഉള്ള വിവരങ്ങൾ ലൈബ്രറിയിൽ നിന്ന ശേഖരിച്ച് അവരുടെ സംഭാവനകൾ കുട്ടികൾ group wise ആക്കി ചർച്ച ചെയ്യുക.<br>* സെമിനാർ | December January | കുട്ടികൾ | |
| നിർമ്മിതികളിലെ ശേഷി നേടുന്നതിന് | ശില്പശാല.<br>exhibition. | February March. | | |

സയൻസ് 2025 – 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ. |
| | ക്ലാസുകളിൽ ലഘു പ്രൊജക്ട് കൊടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| | വർഷത്തിൽ ഒരു പ്രാവിശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം ഒരു തവണ. | സയൻസ് അധ്യാപകർ |

| | | | |
|---|---|---|---|
| | | | |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | | |
| ഹൈടെക് ബോർഡ്. മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നു. തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ ഒരു സൗകര്യത്തിൽ ഔഷധ തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ് ഹരിത ക്ലബ്ബ്. |
| അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ | പുതുപുത്തൻ സങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു. ക്വിസ്, സെമിനാർ പങ്കെടുപ്പിക്കുന്നു. | അക്കാദമിക വർഷം | |
| | ശാസ്ത്ര കാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ |

Academic Master Plan Hindi 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 5, 6, 7 ക്ലാസുകളിൽ അക്ഷരബോധം ഉറപ്പിക്കൽ. അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഹിന്ദി അക്ഷരങ്ങളും, പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ് നൽകുന്നു<br>• അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>• വാക്കുകളുടെ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം. | ജൂൺ - ജൂലൈ | |
| ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | • ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ ചെയ്യിപ്പിക്കുന്നു. | മധ്യകാലം ഓഗസ്റ്റ് - സെപ്റ്റംബർ | |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | • കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>• ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി | |

# മാസ്റ്റർ പ്ലാൻ 2025-26

## വിഷയം:- കലാവിദ്യാഭ്യാസം

സംഗീതം, ചിത്രകല, നൃത്തം, നാടകം, സിനിമ എന്നീ 5 മേഖലകളിലൂടെയാണ് കലാപഠനം കടന്നുപോകുന്നത്. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ കലാപഠനത്തിനായി പാഠ്യപദ്ധതി നടപ്പാക്കിയിട്ടുണ്ട്. കുട്ടികളുടെ മനസ്സിനെ സംസ്കരിച്ച് സ്വഭാവരൂപീകരണം ഉറപ്പാക്കുന്നതിൽ സംഗീതത്തിന് വലിയ സ്ഥാനമുണ്ട്. മനസ്സിനെ ശുദ്ധീകരിക്കാനും ബുദ്ധിയെ ഉദ്ദീപിപ്പിക്കാനും അതുവഴി ഭാവന ഉണർത്താനും സർഗശേഷി കൈവരിക്കാനും സംഗീതപഠനത്തിലൂടെ കഴിയും. ബുദ്ധിവികാസവും മാനസികോല്ലാസവും ഒരേസമയം സംഗീതപഠനത്തിലൂടെ സാധ്യമാകുന്നുണ്ട്.

പാഠപുസ്തകം പരിചിതമാക്കുന്നതിനൊപ്പം ലളിതഗാനം, പ്രാർത്ഥനാഗാനങ്ങൾ, സംഘഗാനം ദേശഭക്തിഗാനം, നാടൻപാട്ടുകൾ, വഞ്ചിപ്പാട്ട് എന്നിവ പഠിപ്പിക്കുന്നതിനൊപ്പം. ശാസ്ത്രീയ സംഗീതത്തിൽ അടിസ്ഥാനമായ, സരളിവരിശകൾ

ജണ്ടവരിശകൾ, അലങ്കാരം, ഗീതം, വർണ്ണം എന്നിവ പഠിപ്പിക്കുകയും കുട്ടികളിൽ ശാസ്ത്രീയ സംഗീതത്തിൽ ഒരു അടിത്തറ ഉറപ്പിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ ഹിന്ദുസ്ഥാനി സംഗീതത്തെയും കുട്ടികളെ പരിചയപ്പെടുത്തുന്നു.

കലോത്സവങ്ങൾക്കായി കുട്ടികളെ നേരത്തെ മുതൽ പഠിപ്പിക്കുകയും അവരെ തയ്യാറാക്കുകയും ചെയ്യുന്നു. ലളിതഗാനം, മാപ്പിള പാട്ട്, സംഘഗാനം, ദേശഭക്തിഗാനം, നാടൻപാട്ട്, നൃത്ത ഇനങ്ങളായ ഭരതനാട്യം, ഗോത്രനൃത്തയിനങ്ങളായ ഇരുളനൃത്തം, പണിയനൃത്തം, മലപുലയാട്ടം, തുടങ്ങിയ ഇനങ്ങളിൽ കുട്ടികൾക്ക് പ്രോത്സാഹനവും പിന്തുണയുമായി കൂടെ നിൽക്കുകയും ചെയ്യുന്നു.

കുട്ടികളെ ശാസ്ത്രീയമായി വയലിൻ പഠിപ്പിക്കുന്നു. വൈകുന്നേരം സ്കൂൾ കഴിഞ്ഞ് അവർക്ക് അതിനുവേണ്ടി സ്പെഷ്യൽ ക്ലാസ്സുകൾ എല്ലാ ദിവസവും എടുക്കുന്നുണ്ട്. കുട്ടികളുടെ കലാപരമായ എല്ലാ കഴിവുകളെയും വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നുണ്ട്

Beena Thomas Beena
Music Teacher

ഭാഷാവിഷയ മേഖല 1 - ഇംഗ്ലീഷ് 22 - [illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk | മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ |
| | ഇംഗ്ലീഷ് അസംബ്ലി | മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ദിവസവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപകർ |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit Drama, Conversation, Story telling etc) | മൂന്നു മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ |

| | | | |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയി-ലൂടെ രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സഹപാഠി-കളുമായി കത്തിടപാട് | വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ | വായനാ മത്സരം രചനാ മത്സരം നടത്തിയവ | മൂന്ന് മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ-2025-26

## ആരോഗ്യ കായിക വിദ്യാഭ്യാസം.

**മേഖല** : ആരോഗ്യകായിക വിദ്യാഭ്യാസം

**ഉദ്ദേശം** :കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക.

:അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്വമാക്കുക

**ഉപമേഖല** :1 കായിക മേഖല

:2 ആരോഗ്യ മേഖല

**ആമുഖം**

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായിക ക്ഷമത അനുദിനം കുറഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്.ശരിയായ ആരോഗ്യകായികഅവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്.കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിത ശൈലി,യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ പ്രവർത്തന മാന്ദ്യമുള്ളവരാക്കുന്നു.ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും,അനന്തരഫലമായുള്ള,അമിതമേദസ്സും,രോഗങ്ങളും ഒരു പ്രതിസന്ധി ആനുപാതികത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേതു രാജ്യത്തെക്കാളും ജനിതകമായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യക്കാർക്കാണെന്ന് അടുത്തകാലത്ത് നടന്ന പഠനത്തിൽ മനസ്സിലാക്കുന്നു.ഇന്ത്യയിൽ 35 നും 64 നും ഇടയ്ക്കുള്ള പ്രായത്തിൽ,ഹൃദ്രോഗത്തിലൂടെ ജീവിതം പൊലിഞ്ഞുപോയവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.

ലോകത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന"പ്രമേഹം"എന്ന മഹാമാരി ഭീഷണി ഉയരുന്നത് ഇന്ത്യയിലാണ്.100 കോടിയിലധികം വരുന്ന ഇന്ത്യൻ ജനത,മധ്യവയസ്സിനു ശേഷം പിടിപെടുന്ന പ്രമേഹം(ടൈപ്പ്2) സാധ്യത വളരെ കൂടുതലാണ്.കാരണം കൂടുതൽ പാശ്ചാത്യവൽകൃതമായ ജീവിതശൈലിയിൽ,കൊഴുപ്പ് കൂടിയ ആഹാരം കഴിക്കുന്നതു കൊണ്ടും വ്യായാമത്തിന്റെ അഭാവം മൂലവുമാണ്.

ഇന്ത്യയിൽ പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു.രാജ്യത്ത് 10 കോടിയിലധികം രോഗികൾ എന്ന് സർവ്വേ ഫലം **(ന്യൂഡൽഹി)**

ഇന്ത്യയിൽ പ്രമേഹരോഗികളുടെ എണ്ണം വൻതോതിൽ വർധിക്കുന്നതായി പഠനം.ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്- ഇന്ത്യ ഡയബറ്റീസ്(ICMR-INDIAB )നടത്തിയ സർവ്വേയിൽ 10 കോടിയിലധികം ആളുകൾക്ക് ഇന്ത്യയിൽ പ്രമേഹമുള്ളതായി കണ്ടെത്തി. 13.6 കോടിആളുകൾക്ക് പ്രീ ഡയബറ്റിക് ആണെന്നും,31.5 കോടി ആളുകൾക്ക് ഉയർന്ന രക്തസമ്മർദ്ദം ഉണ്ടെന്നും ഈ പഠനത്തിൽ പറയുന്നുണ്ട്. മെറ്റാബോളിക് നോൺകമ്മ്യൂണിക്കബിൾ

ആയ അസുഖങ്ങളുടെ(NCD)വ്യാപനം സംബന്ധിച്ച് ഇത്തരത്തിലൊരു പഠനം നടത്തുന്നത് ആദ്യമാണ്.രാജ്യത്തെ തന്നെ ഏറ്റവും വലിയ സർവ്വേകളിൽ ഒന്നാണിത്.

25.4 കോടി ആളുകളിൽ പൊണ്ണത്തടി,35.1 കോടി ആളുകളിൽ അടിവയറ്റിലെ പൊണ്ണത്തടി,21.3 കോടി ആളുകൾക്ക് ഉയർന്നകൊളസ്ട്രോൾ(ഹൈപ്പർകൊളസ്ട്രോ ലീമിയ)18.5 കോടി ആളുകൾക്ക് ഉയർന്ന LDL കൊളസ്ട്രോൾ അല്ലെങ്കിൽ ചീത്ത കൊളസ്ട്രോൾ ഉണ്ടെന്നും സർവ്വേയിൽ കണ്ടെത്തി.ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളം,പുതുച്ചേരി,ഗോവ, സിക്കിം,പഞ്ചാബ് എന്നിവിടങ്ങളിൽ ഇത്തരം അസുഖങ്ങളുടെ വ്യാപനം കൂടുതലാണെന്ന് പഠനം പറയുന്നു.

പ്രമേഹ രോഗികളെക്കാളധികം പ്രീ ഡയബറ്റിസ് ഉള്ളവർ രാജ്യത്ത് ഉണ്ടെന്നുള്ളതാണ് കൂടുതൽ ആശങ്കാജനകം.ഇതിനർത്ഥം വരും വർഷങ്ങളിൽ പ്രമേഹരോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്നാണ്.2019 ൽ 7.4 കോടി പ്രമേഹരോഗികളായിരുന്ന രാജ്യത്തുണ്ടായിരുന്നത്. കഴിഞ്ഞ നാല് വർഷം കൊണ്ടാണ് ഇന്ത്യയിൽ ഇവരുടെ എണ്ണത്തിൽ വൻ കുതിച്ചുചാട്ടമുണ്ടായത്.

2020 ഓടെ ഇന്ത്യയിൽ 35 - 40 ലക്ഷം പ്രമേഹരോഗികൾ ഉണ്ടാവും എന്ന് പറഞ്ഞാൽ ലോകത്തിലെ പ്രമേഹ രോഗികളിൽ ഓരോ അഞ്ചാമനും ഇന്ത്യക്കാരനായിരിക്കും. അതിലേക്ക് കേരളത്തിൽ നിന്നുമായിരിക്കും, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലെന്ന് ഡോക്ടേഴ്സ് അസോസിയേഷൻ കണ്ടെത്തിയിരിക്കുന്നു.

2008 നും 2020 നും ഇടയിൽ നടത്തിയ സർവ്വേയിൽ 113043 ആളുകൾ പങ്കെടുത്തു. ഇവരിൽ 33 537 പേർ നഗരവാസികളും,79506 പേർ ഗ്രാമവാസികളുമാണ്.ഇന്ത്യയുടെ വടക്കുഭാഗത്തും,തെക്കുഭാഗത്തുമാണ് ഏറ്റവും ഉയർന്നപ്രമേഹകണക്കെന്നാണ് പഠനത്തിൽ കണ്ടെത്തിയത്.മദ്യഭാഗത്തും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും അസുഖവ്യാപനം കുറവാണെന്ന് പഠനത്തിൽ പറയുന്നത്. "ദി ലാൻസെറ്റ് ഡയബറ്റിസ് ആൻഡ് എൻഡോക്രൈനോളജി" എന്ന ജേണലിൽ വ്യാഴാഴ്ചയാണ് പ്രസ്തുത പഠനം പ്രസിദ്ധീകരിച്ചത്.

കേരളസംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെകുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെകുറവാണ്.

**സ്വന്തമായൊരു കളി സ്ഥലത്തിന്റെ അഭാവം ഞങ്ങളുടെ സ്കൂളിലെ കായിക പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുണ്ട്.**

**ലക്ഷ്യം:-**കായികക്ഷമത കൈവരിക്കൽ,ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ.

**പ്രവർത്തനം:-**

*യോഗ

*സൈക്കിൾ

*കിഡ്സ് അത്ലെറ്റിക്സ് ആൻഡ് അത്ലെറ്റിക്സ്

*മേജർ ഗെയിം -വോളിബോൾ,ഫുട്ബോൾ, ഷട്ടിൽ

*മൈനർ ഗെയിംസ്

*എയ്റോബിക്സ്.

**യോഗ:** 5-10 ക്ലാസിലെ കുട്ടികൾക്ക്,ഒരു വർഷം ചുരുങ്ങിയത് 54 മണിക്കൂർ യോഗ ചെയ്യാൻ നീക്കിവെക്കുന്നു.അത് രാവിലെയാണ് ചെയ്യേണ്ടത് ക്ലാസ് അടിസ്ഥാനത്തിൽ 15 മിനിറ്റ് യോഗ ചെയ്യണം.2024 ജൂൺ,ജൂലായ്,ഓഗസ്റ്റ് മാസങ്ങളിൽ 15 മണിക്കൂർ യോഗക്കായി മാറ്റിവെച്ചിരിക്കുന്നു.

യോഗപരിശീലന കളരി സംഘടിപ്പിക്കുന്നതിനായി ഒരു ഇൻസ്പെക്ടർ പുറത്തുനിന്ന് 10 ദിവസത്തേക്ക് കാണുന്നു.

| യോഗ ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | യോഗ മാറ്റ് | 390 | 10 | 3900 |
| 2 | പരിശീലകൻ 10 ദിവസത്തേക്ക് (500X10 | | | 5000 |
| | **Total** | | | **8900** |

**സൈക്കിൾ:**-ജൂൺമാസത്തിൽ യു.പി തലത്തിലെ മുഴുവൻ കുട്ടികളിലും സൈക്കിൾ സവാരി അറിയുന്നവരുടെ സർവ്വേ നടത്തുന്നു.ജൂലായ് രണ്ടാം വാരത്തിനുശേഷം അറിയാത്തവരെ, അറിയുന്നവരുടെയും,അധ്യാപിക/അധ്യാപകരുടെയും സഹായത്തോടെ സൈക്കിൾസവാരി പഠിപ്പിക്കാൻ തുടങ്ങുന്നു.ഇതിനായി സ്കൂളിൽ സൈക്കിളിൽ വരുന്നകുട്ടികളുടെ സൈക്കിളുകൾ ഉപയോഗിച്ച് പ്രവർത്തനം സുഗമമാക്കുന്നു.പുതുതായി 4 സൈക്കിൾവാങ്ങാൻ PTA യിൽ നിർദ്ദേശം വെക്കുന്നു.

| സൈക്കിൾ പഠനം | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | സൈക്കിൾ | 8500 | 4 | 34000 |
| | **Total** | | | **34000.00** |

## കിഡ്സ് അത്ലെറ്റിക്സ് & അത്ലറ്റിക്സ്.

| കിഡ്സ് അത്ത് ലെറ്റിക് സ് ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | മെഡിസിൻബോൾ 1 | 600 | 2 | 1200 |
| 2 | മെഡിസിൻബോൾ 2 | 650 | 2 | 1300 |
| 3 | മിനി ബാസ്കറ്റ് ബോൾ | 600 | 2 | 1200 |

| | | | | |
|---|---|---|---|---|
| 4 | റോപ്പ് ലേഡർ (50cm സ്ക്വയർ )5 മീറ്റർ | 650 | 1 | 650 |
| 5 | ത്രോബോൾ | 500 | 2 | 1000 |
| 6 | ഫ്ലൈയിംഗ് ഡിസ്ക് | 180 | 12 | 2160 |
| 7 | കോൺ | 68 | 20 | 1360 |
| 8 | സ്റ്റെപ്പ് ജംപ്പിംഗ് ബോക്സ് | 450 | 4 | 1800 |
| 9 | ഹഡിൽസ് 40cm ,60cm | 390 | 4 | 1560 |
| 10 | സ്കിപ്പിംഗ് റോപ്പ് | 120 | 5 | 600 |
| 11 | ജാവലിൻ 400 ഗ്രാം,600 ഗ്രാം | 680 | 4 | 2720 |
| **Total** | | | | **15550** |

**മേജർ ഗെയിം.**

ഓഗസ്റ്റ്,സെപ്റ്റംബർ,ഒക്ടോബർ,നവംബർ മാസങ്ങളിൽ വിവിധഗെയിമുകൾ പരിശീലിപ്പിക്കുന്നു. പ്രധാനമയി വോളിബോൾ ഫുട്ബോൾ ഷട്ടിൽ എന്നിവയാണ് തിരഞ്ഞെടുക്കുന്നത്.

**ഫുട്ബോൾ**

ഫുട്ബോളിന് ചെറിയ ഗ്രൗണ്ട് (School Ground)മാത്രമേ സ്കൂളിന് സൗകര്യപ്രദമുള്ളത് . P T A ടെ നിർദ്ദേസമനസരിച്ച് ഗ്രൗണ്ട് നിരപ്പാക്കിത്തരും എന്ന ഉറപ്പിൽ,പുറമെനിന്നും ഒരു കോച്ചിന്റെ സഹായത്താൽ ഒരു വർഷക്കാലം നീണ്ട് നിൽക്കുന്ന പരിശീലനപദ്ധതി ആസൂത്രണം ചെയ്തു . ഇതിന്റെ ഫണ്ട് ,പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും,പി.ടി.എ,യിൽ നിന്നും,മറ്റ് സ്പോൺസർമാരിൽ നിന്നും കണ്ടെത്തണം. ജൂലൈ മാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങി നിശ്ചിതഫീസ് ഈടാക്കി പദ്ധതി നടപ്പാക്കാം.

| ഫുട്ബോൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | ഫുട്ബോൾ | 1100 | 20 | 22000 |
| 2 | ഫുട്ബോൾഗോൾ പോസ്റ്റ് (മിനി)2 സെറ്റ് | 2500 | 4 | 10000 |
| 3 | ഫുട്ബോൾ പോസ്റ്റ് നെറ്റ് | 875 | 4 | 3500 |
| | | | | **35500.00** |

**ഷട്ടിൽ ബാഡ് മിന്റൺ**

നാളേക്ക് ഇൻഡോർ കോർട്ട് ആവും എന്ന പ്രതീക്ഷയിൽ ഷട്ടിൽബാഡ് മിന്റൺ കോർട്ട് സ്കൂൾ മുറ്റത്ത് പുതുതായി നിർമിച്ച.

| മേജർ ഗെയിം ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |

| | | | | |
|---|---|---|---|---|
| 1 | വോളിബോൾ | 780 | 4 | 3120 |
| 2 | വോളിബോൾ നെറ്റ് | 1250 | 1 | 1250 |
| 3 | മിനി ഗോൾ പോസ്റ്റ് | 1200 | 2 | 2400 |
| 4 | ഷട്ടിൽ ബാറ്റ് | 620 | 8 | 4960 |
| 5 | ഷട്ടിൽ ബാഡ് മിന്റൺ നെറ്റ് | 490 | 2 | 980 |
| 6 | ഷട്ടിൽ കോക്ക് | 680 | 4 | 2720 |
| 8 | ഷട്ടിൽ ബാഡ് മിന്റൺ പോസ്റ്റ് | 750 | 2 | 1500 |
| 9 | ഖോ-ഖോ പോസ്റ്റ് | 500 | 2 | 1000 |
| **Total** | | | | **17930.00** |

**മൈനർ ഗെയിം**

വിവിധ മേജർ ഗെയിമിനോട് അനുബന്ധിച്ചുള്ള മൈനർജിയും കളിപ്പിക്കുന്നു.ജൂൺ,ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ സ്കൂളിന്റെ ഹാളിലും വരാന്തയിലും ഒഴിഞ്ഞ സ്ഥലങ്ങളിലും സംഗീതത്തിന്റെ സഹായത്തോടെയും,അല്ലാതെയും,താളാത്മകമായി ഏയ്റോബ്ക്ക്എക്സർസൈസുകൾ നിശ്ചിത സമയം ചെയ്യുന്നു .ഇതിനായി ഒരു ഇൻസ്ട്രക്ടറെ ചുമതലപ്പെടുത്തുന്നു.

| സാമ്പത്തിക അവലോകനം | | |
|---|---|---|
| ക്ര നം | ഇനങ്ങൾ | തുക |
| 1 | യോഗ | 8900:00 |
| 2 | സൈക്കിൾ | 34000:00 |
| 3 | കിഡ്സ് അത്ത് ലറ്റിക് സ് | 15550:00 |
| 4 | ഫുട്ബോൾ | 35500.00 |
| 5 | മേജർ ഗെയിം | 17930.00 |
| **Total** | | **111830.00** |

**ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു**

**ഇന്നത്തെ പ്രശ്നം റോഡ് നിയമങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്.**

**ലക്ഷ്യങ്ങൾ റോഡ് നിയമങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ്.**

റോഡ് അപകടങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് പ്രധാനമായും റോഡ് നിയമങ്ങൾ പാലിക്കാത്തതാണ് കാരണം. പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ റോഡ് നിയമങ്ങളെ കുറിച്ചുള്ള ധാരണ കുട്ടികളിൽ രൂപപ്പെടുത്താൻ കഴിയണം.വാഹനാപകടങ്ങൾ ഉണ്ടാകാനുള്ളകാരണങ്ങളെക്കുറിച്ച് കുട്ടികൾക്ക് പറയാൻകഴിയണം. കാൽനടയായും,വാഹനങ്ങളിലും വിദ്യാലയത്തിലെത്തുന്ന കുട്ടികൾ തീർച്ചയായും,കാൽനടയാത്രക്കാരും വാഹനയാത്രക്കാരും ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അറിഞ്ഞിരിക്കണം.സീബ്ര ലൈൻ,

അടയാളവിളക്കുകൾ,ട്രാഫിക് ചിഹ്നങ്ങൾ തുടങ്ങിയവ എന്തെന്ന് കുട്ടികൾ വ്യക്തമായി ബോധ്യപ്പെടുത്തണം.ചെറിയകളികളിലൂടെയും ചർച്ചകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഈ കാര്യങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ ശ്രമിക്കണം. സുരക്ഷിതയാത്രയ്ക്കായി ഒട്ടേറെ കാര്യങ്ങൾ താൻ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം.

**പ്രവർത്തനങ്ങൾ.**

വാർത്ത, കൊളാഷ് വിശകലനം.

സീബ്രാ ലൈൻ -ചിത്ര നിരീക്ഷണം.

ട്രാഫിക് വിളക്കുകൾ- വീഡിയോ പ്രദർശനം

ട്രാഫിക് വിളക്കുകൾ വരച്ച് നിറം നൽകൽ

അടയാള വിളക്കുകൾ ചർച്ച

വാഹനം ഓടിക്കാം കളി. തുടങ്ങിയവ

**മോണിറ്ററിംഗ്.**

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ മാസ്റ്റർ പ്ലാനിന്റെ മോണിറ്ററിംഗ് കമ്മിറ്റിയായി HM ജനറൽ കൺവീനറായും,കായികാധ്യാപകൻ കൺവീനർ ഒരു പുരുഷഅധ്യാപകൻ രണ്ടു വനിത അധ്യാപികമാർ രണ്ടുപേരും ചേർന്ന് ഏഴ് അംഗ കമ്മിറ്റി രൂപീകരിക്കണം.

**ജനറൽ കൺവീനർ** :

**കൺവീനർ** :

**ജോയിന്റ് കൺവീനർ** :

**അംഗങ്ങൾ** :

കലണ്ടർ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കാനും, മാസത്തിൽ ഒരു തവണയെങ്കിലും വിലയിരുത്താനും,ഓരോ പ്രവർത്തനത്തിന്റെയും ഹാജർ പരിശോധിച്ച് അംഗീകരിക്കുകയും വേണം.